## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2501 — 05. 11. 2019 ൽ മറുപടിക്ക്

## വൈദ്യുതി ദുരുപയോഗം

ചോദ്യം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബോർഡ് ഉപഭോക്താക്കളോട് കണക്ടഡ് ലോഡ് 31.10.2019 ന് മുൻപ് അറിയിക്കണമെന്ന് കാണിച്ച് മൊബൈൽ സന്ദേശം അയച്ചത് വൈദ്യുതി ബോർഡിന്റെ തീരുമാനപ്രകാരമാണോയെന്ന് വ്യക്തമാക്കുമോ; | (എ) 03.08.2019 ലെ ബോർഡ് ഓർഡർ പ്രകാരം LT ഉപഭോക്താക്കൾക്ക് 01.08.2019 മുതൽ 31.10.2019 വരെ കണക്ടഡ് ലോഡ് ക്രമപ്പെടുത്തുവാൻ അപേക്ഷ ഫീസ്, പരിശോധനാഫീസ്, അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ഒഴിവാക്കി സ്വയം വെളിപ്പെടുത്തുവാൻ അവസരം നൽകുവാൻ ബോർഡ് തീരുമാനിക്കുകയുണ്ടായി. ടി സ്കീം പരമാവധി ഉപയോഗപ്പെടുത്തി കണക്ടഡ് ലോഡ് ക്രമപ്പെടുത്തുവാനാണ് മൊബൈൽ സന്ദേശം ഉപഭോക്താക്കൾക്ക് അയച്ചത്. |
| (ബി) ഉപഭോക്താക്കൾ അവരുടെ വീടുകളിൽ അധികമായി നിർമ്മാണമോ മറ്റോ ചെയ്തിട്ടില്ലെങ്കിലും അവരിൽ നിന്നും നിർബന്ധമായി പ്രത്യേക അപേക്ഷ ഫോറത്തിൽ ആയത് എഴുതി വാങ്ങുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) ഇല്ല. LT ഉപഭോക്താക്കൾക്ക് അവരുടെ വീട്/സ്ഥാപനത്തിൽ അധികമായി നിർമ്മാണമോ മറ്റോ ചെയ്തതിന്റെ കണക്ടഡ് ലോഡ് ക്രമപ്പെടുത്തുവാൻ ഉണ്ടെങ്കിൽ മാത്രം മേൽ പറഞ്ഞ അവസരം ഉപയോഗിക്കാവുന്നതാണ്. |
| (സി) വൈദ്യുതി ദുരുപയോഗം കണ്ടെത്തുന്നതിന് നിലവിലുള്ള രീതി എന്തെന്ന് വ്യക്തമാക്കുമോ; | (സി) വൈദ്യുതി ദുരുപയോഗം കണ്ടുപിടിക്കുന്നതിന് സംസ്ഥാനാടിസ്ഥാനത്തിലുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന് പുറമെ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും റീജിയണൽ ആഡിറ്റ് ഓഫീസിൽ നിന്നും ഉള്ള സ്പെഷ്യൽ സ്ക്വാഡുകളും നിലവിൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ക്വാഡുകൾ മിന്നൽ പരിശോധന നടത്തി വൈദ്യുതി ദുരുപയോഗം കണ്ടു പിടിച്ചു വരുന്നു. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ നിയമങ്ങൾക്കനുസൃതമായി വൈദ്യുതി മോഷണത്തിനും വൈദ്യുതി ദുരുപയോഗത്തിനുമുള്ള പിഴ ഈടാക്കുന്നുണ്ട്. വൈദ്യുതി മോഷണം പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി ബോർഡിന്റെ വിജിലൻസ് വിഭാഗം ഓഫീസർമാരുടെയും അതാത് ഓഫീസ് മേലധികാരികളുടെയും ഫോൺ നമ്പർ എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം കണ്ടു പിടിക്കപ്പെട്ടാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ദൃശ്യമാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും ആവശ്യമായ പ്രചാരം പൊതുജനങ്ങൾക്ക് നൽകുന്നുമുണ്ട്. |
| (ഡി) 2010 ജനുവരി മുതൽ നാളിതുവരെ വൈദ്യുതി ദുരുപയോഗം ചെയ്ത എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഈ കേസുകളിൽ എടുത്ത നടപടികളെന്തെന്നും അറിയിക്കുമോ; | (ഡി) വിതരണ വിഭാഗത്തിനു കീഴിൽ 2010 മുതൽ നാളിതുവരെ വൈദ്യുതി ദുരുപയോഗം ചെയ്ത 74,228 എണ്ണം കേസുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയെല്ലാം പിഴ ചുമത്തി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ